| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പന്ത്രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2988 | 11.12.2014-ൽ മറുപടിക്ക് |
| **വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും സ്ഥലം മാറ്റം** | |
| ചോദ്യം | ഉത്തരം |
| ശ്രീ.എം.എ. ബേബി | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ ഉണ്ടായിരുന്നോ; ഡയറക്ടറുടെ സ്ഥലംമാറ്റ ഉത്തരവ് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടുകയുണ്ടായോ; | (എ) | വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ ഉണ്ടായിരുന്നു. ചില സ്ഥലം മാറ്റങ്ങൾ കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട്. |
| (ബി) | സ്ഥലംമാറ്റ ഉത്തരവ് സ്റ്റേ ചെയ്തിരുന്നോ; ഇതിന്റെ ഭാഗമായി ഡയറക്ടറുടെ നടപടി പരിശോധിക്കുകയുണ്ടായോ; ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നിലപാട് എന്തായിരുന്നുവെന്നു വിശദമാക്കാമോ; | (ബി) | സ്ഥലംമാറ്റ ഉത്തരവ് 23.10.2014-ലെ സർക്കാർ കത്ത് നം.59329/എസ്.സി2/2014/ പൊ.വി.വ പ്രകാരം സ്റ്റേ ചെയ്യുകയുണ്ടായി. സ്റ്റേ പിൻവലിച്ചു കൊണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് കൊടുത്ത 1.11.2014-ലെ 59329/എസ്.സി2/ 2014/പൊ.വി.വ നമ്പർ കത്തിൽ ഇത് സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിശോധിക്കുന്നതിനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വകുപ്പിൽ സ്ഥലം മാറ്റത്തിന് എന്തെങ്കിലും മാനദണ്ഡം | (സി) | 10.09.2004-ലെ സ.ഉ(പി) നം. 12/2004/പി ആന്റ് എ.ആർ.ഡി |

| | | | |
|---|---|---|---|
| | നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കപ്പെട്ടിട്ടുണ്ടോ; | | നമ്പർ ഉത്തരവ് പ്രകാരവും 22.05.2010-ലെ സ.ഉ(പി) നം. 77/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരവുമുള്ള മാനദണ്ഡങ്ങളാണ് പൊതു സ്ഥലം മാറ്റത്തിന് വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ സ്വീകരിച്ചിട്ടുള്ളത്. |
| (ഡി) | സ്ഥലംമാറ്റം നൽകിയതിൽ വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നിട്ടുണ്ടെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ? | (ഡി) | ക്രമക്കേടുകളോ അഴിമതിയോ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ